# പതിനാലാം കേരളനിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.715 — 27.04.2017 ന് മറുപടിയ്ക്ക്

## വന്യജീവി ആക്രമണങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.എൽദോസ് കുന്നപ്പിള്ളി | അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും. മൃഗശാലകളും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനം നേരിടുന്ന കൊടുംവരൾച്ചമൂലം ജനവാസകേന്ദ്രങ്ങളിൽ എത്തുന്ന വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ; | (എ) സംസ്ഥാനം നേരിടുന്ന കൊടും വരൾച്ച മൂലം ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് എത്തുന്ന വന്യമൃഗങ്ങളുടെ ആക്രമണം പ്രതിരോധിക്കുന്നതിന് എലിഫന്റ് സ്ക്വാറിംഗ് വാച്ചർമാർ, റാപിഡ് റെസ്പോൺസ് ടീം എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സമയോചിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) ഇപ്രകാരം മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ജനജാഗ്രതാ സമിതികൾ തദ്ദേശതലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിവരിക്കുമോ; | (ബി) മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ജനജാഗ്രതാസമിതികൾ തദ്ദേശതലത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.<br>1. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ച് ജനത്തെ സഹായിക്കുന്നു.<br>2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.<br>3. അടിയന്തിര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് 3 മാസത്തിൽ ഒരിക്കലെങ്കിലും യോഗം കൂടി വേണ്ട ശുപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നല്കുക.<br>4. നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റെയിഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക. |

5. വന്യജീവി ആക്രമണം ഉണ്ടാകുന്ന പക്ഷം എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക.

7. വന്യജീവികൾ കാടിനു പുറത്തേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ് അലർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലുള്ളതാണെന്ന് ഉറപ്പുവരുത്തുക.

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കും വസ്തുവകകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷിയും വീടും നഷ്ടപ്പെട്ടവർക്ക് ജി.ഒ.(എം.എസ്) നമ്പർ 32/2013/വനം തീയതി.22.03.13, ജി.ഒ.(എം.എസ്) നമ്പർ 96/2014/വനം തീയതി.17.01.2014, ജി.ഒ.(എം.എസ്) 2/2015/വനം തീയതി.08.01.2015 എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നല്കിവരുന്നു.

Lathees

സെക്ഷൻ ഓഫീസർ